**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2303 | 06.10.2016- ൽ മറുപടിയ്ക്ക് |

## മണ്ണാർക്കാട് താലൂക്കിലെ പട്ടയവിതരണം

| ചോദ്യം<br>ശ്രീ.എൻ.ഷംസുദ്ദീൻ | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മണ്ണാർക്കാട് താലൂക്കിൽ 01.01.1977 ന് മുൻപ് വനഭൂമിയിൽ താമസിക്കുന്നവരെ കണ്ടെത്തുന്നതിനുള്ള ജോയിന്റ് വെരിഫിക്കേഷൻ സർവ്വേ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻ പ്രകാരം അർഹരായ കുടുംബങ്ങളുടെയും വ്യക്തികളുടെയും വിശദവിവരം നൽകുമോ; | (എ) 01.01.1977 മുൻപ് വനഭൂമി കൈവശം വച്ചിരിക്കുന്ന അർഹരായ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി റവന്യൂ വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. മണ്ണാർക്കാട് താലൂക്കിൽ അർഹരായവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പട്ടയം ലഭിക്കുന്നതിന് അർഹരായവരുടെ ലിസ്റ്റ് റവന്യൂ അധികൃതർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത്; ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് നിലവിലെ ഫയൽ നമ്പർ സഹിതം വിശദീകരിക്കുമോ; | (ബി) 01.01.1977 ന് മുമ്പ് കൈവശം തിട്ടപ്പെടുത്തിയ പാലക്കാട് ജില്ലയിലെ 643 പേരുടെ (269.4750 ഹെ) ലിസ്റ്റും വിശദാംശങ്ങളും പട്ടയം അനുവദിക്കുന്നതിനുള്ള കേന്ദ്രാനുമതിയ്ക്കായി ഫയൽ നമ്പർ എൽ. ആർ.എ 5-2005/4455/9 (1999/44665/9) പ്രകാരം 11.11.2010 ന് പാലക്കാട് ജില്ലാ കളക്ടർ ഒലവക്കോട് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് അയച്ചുകൊടുത്തിട്ടുള്ളതാണ്. |
| (സി) കേരളത്തിലെ പല സ്ഥലങ്ങളിലും ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം നൽകിയിട്ടും മണ്ണാർക്കാട് താലൂക്കിൽ ഇതിനുണ്ടാകുന്ന കാലതാമസം എന്താണെന്ന് വിശദമാക്കുമോ? | (സി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തിനാലാണ് മണ്ണാർക്കാട് താലൂക്കിൽ പട്ടയം അനുവദിക്കാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

Le dx
18/10

6-10-16
2263-2203

Extracted lomo-3